**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2092** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പോസിറ്റായവർ സുഖം പ്രാപിച്ച ശേഷം വീണ്ടും വൈറസ് ബാധിതരാകുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് പോസിറ്റായവർ സുഖം പ്രാപിച്ച ശേഷം ലക്ഷണങ്ങൾ ഇല്ലാതെ തന്നെ വീണ്ടും കോവിഡ് വൈറസ് ബാധിതരാകുന്ന സാഹചര്യം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ?; | (എ) | ഉണ്ട്. ആകെ 14 പേർക്ക് വീണ്ടും കോവിഡ് രോഗബാധയുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം - 2, കൊല്ലം - 2, പത്തനംതിട്ട - 3, മലപ്പുറം - 1, കോഴിക്കോട് - 4, കാസർഗോഡ് - 2 എന്നിങ്ങനെയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. RTPCR പരിശോധനകളിൽ ഒരിക്കൽ രോഗം വന്ന് സുഖം പ്രാപിച്ചവർ മൂന്ന് മാസം വരെ ടെസ്റ്റ് പോസിറ്റീവായി തുടരാൻ സാധ്യതയുണ്ട്. എന്നാൽ ഈ പോസിറ്റിവിറ്റി പുതിയ അണുബാധ കാരണമാകണമെന്നില്ല. മറിച്ച് Viral RNA Shedding മൂലമാകാം. |
| (ബി) | എങ്കിൽ ഇപ്രകാരം സംഭവിക്കുന്നത് കൊറോണ വൈറസിന്റെ പ്രത്യേക വകഭേദങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കണ്ടെത്തിയിട്ടില്ല. |
| (സി) | വൈറസ് ബാധ 45 ദിവസം കഴിഞ്ഞും നീണ്ടുനിൽക്കുന്ന കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (സി) | ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ഒരാൾക്കും കൊല്ലം ജില്ലയിൽ ഒരാൾക്കും പത്തനംതിട്ട ജില്ലയിൽ 2 പേർക്കും, എറണാകുളം ജില്ലയിൽ 2 പേർക്കും പാലക്കാട് ജില്ലയിൽ 3 പേർക്കും, കോഴിക്കോട് ജില്ലയിൽ 13 പേർക്കും തൃശ്ശൂർ ജില്ലയിൽ 4 പേർക്കും കാസർഗോഡ് ജില്ലയിൽ 2 പേർക്കും, കണ്ണൂർ ജില്ലയിൽ 26 പേർക്കുമായി ആകെ 54 പേർക്ക് 45 ദിവസത്തിൽ കൂടുതൽ രോഗബാധ നീണ്ടുനിന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ